പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1432

14-06-2013 – ൽ മറുപടിയ്ക്ക്

നബാർഡ് സഹായത്തോടെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.ജോസഫ് വാഴക്കൽ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | നബാർഡ് സഹായത്തോടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. നബാർഡിന്റെ RIDF XIX ഘട്ടത്തിൽ പരിഗണിക്കുന്നതിനായി 83.7 കോടി രൂപയുടെ 61 പദ്ധതികളുടെ പ്രൊപ്പോസലുകൾ മണ്ണു സംരക്ഷണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അടിസ്ഥാന വിഭാഗങ്ങളുടെ ശാസ്ത്രീയമായ സംരക്ഷണത്തിനായി അവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യ വികസനം ഓരോ പ്രദേശത്തും നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതികളുടെ ഉദ്ദേശം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | പ്രധാനമായും മണ്ണു പര്യവേഷണ-സംരക്ഷണ വകുപ്പും കെ.എൽ.ഡി.സി.യും വഴിയാണ് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ നൽകുമോ? | (ഡി) | നബാർഡിന്റെ RIDF-ൽ ഉൾപ്പെടുത്തുന്നതിനായി പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്ടറൽ അലോക്കേഷന്റെ ലഭ്യതയ്ക്കനുസരിച്ച് എസ്.എൽ.ഇ.സി യുടെയും തുടർന്ന് നബാർഡിന്റെയും അംഗീകാരം ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ